പതിനാലാം കേരള നിയമസഭ

മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-2019)

ഒന്നാമത് റിപ്പോർട്ട്

(2017 ആഗസ്റ്റ് 23-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-2019)

ഒന്നാമത് റിപ്പോർട്ട്

(2017 ആഗസ്റ്റ് 23-ാം തീയതി സമർപ്പിച്ചത്)

1280/2017.

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
ആമുഖം	..	vii
റിപ്പോർട്ട്	..	1
അനുബന്ധം I	..	9
അനുബന്ധം II	..	11
അനുബന്ധം III	..	11
അനുബന്ധം IV	..	37

സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. കെ. നാണു, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൽ ഹമീദ്, എം.എൽ.എ.

പ്രൊഫ. കെ. യു. അരുണൻ, എം.എൽ.എ.

ഡോ. എൻ. ജയരാജ്, എം.എൽ.എ.

ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.

ശ്രീ. ഇ. പി. ജയരാജൻ, എം.എൽ.എ.

ശ്രീ. ആർ. രാമചന്ദ്രൻ, എം.എൽ.എ.

ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ.

ശ്രീ. പി. ഉണ്ണി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാംകുമാർ എസ്. പി., അണ്ടർ സെക്രട്ടറി.

ആമുഖം

മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2016 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതിയുടെ പരിഗണനയിൽ വന്ന വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

പതിമൂന്നാം കേരള നിയമസഭയുടെ 2014-2016 വർഷത്തേക്ക് രൂപീകൃതമായ മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി ചേർന്ന 3 യോഗങ്ങളും പതിനാലാം കേരള നിയമസഭയുടെ ബുള്ളറ്റിൻ—ഭാഗം 2 നമ്പർ 49 പ്രകാരം രൂപീകൃതമായ 2016-2019 വർഷത്തേക്കുള്ള സമിതി ചേർന്ന 8 യോഗങ്ങളും ഉൾപ്പെടെ ആകെ 11 യോഗങ്ങൾ ടി കാലയളവിൽ ചേരുകയുണ്ടായി. മേൽപ്പറഞ്ഞ യോഗങ്ങളിലെ ശരാശരി ഹാജർനില 4.5 ആണ്. സമിതി അംഗമായിരുന്ന ശ്രീ. എം. എം. മണി, എം.എൽ.എ. മന്ത്രിയായതിനെത്തുടർന്ന് ഉണ്ടായ ഒഴിവിലേക്ക് ശ്രീ. ഇ. പി. ജയരാജൻ, എം.എൽ.എ.-യെ ബുള്ളറ്റിൻ—ഭാഗം 2 നമ്പർ 141 പ്രകാരം നാമനിർദ്ദേശം ചെയ്യുകയുണ്ടായി.

മുതിർന്ന പൗരൻമാർ സമർപ്പിച്ച ഹർജികൾ പരിഹരിക്കുന്നതിന് സമിതി നടത്തിയ തെളിവെടുപ്പ് യോഗങ്ങൾ, സന്ദർശനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങളും മുതിർന്ന പൗരൻമാർ വ്യക്തിപരമായും സാമൂഹികമായും നേരിടുന്ന അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ സംബന്ധിച്ച സമിതിയുടെ ശിപാർശകളും സമിതിയുടെ ഇടപെടൽമൂലം പരിഹൃതമായ ഹർജികൾ സംബന്ധിച്ച വിവരങ്ങളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2017 ആഗസ്റ്റ് 21-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. കെ. നാണു,
അദ്ധ്യക്ഷൻ,
മുതിർന്ന പൗരന്മാരുടെ
ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2017 ആഗസ്റ്റ് 21.

റിപ്പോർട്ട്

കൂട്ടുകുടുംബ വ്യവസ്ഥിതി നിലനിന്നിരുന്ന പഴയകാല കേരളത്തിൽ വാർദ്ധക്യത്തെ ജീവിതത്തിന്റെ സ്വാഭാവികമായ അവസാനഘട്ടം എന്ന രീതിയിലാണ് കണ്ടിരുന്നത്. എന്നാൽ കുടുംബത്തിൽ നിന്നും ഒഴിവാക്കി നിർത്തേണ്ട ഒരു രോഗാവസ്ഥയായി വാർദ്ധക്യത്തെ കണക്കാക്കുന്ന പ്രവണത അടുത്ത കാലത്തായി വർദ്ധിച്ചുവരികയാണ്. 2011-ലെ സെൻസസ് പ്രകാരം കേരളത്തിന്റെ വൃദ്ധജന സംഖ്യ ഇൻഡ്യയിൽ മറ്റു സംസ്ഥാനങ്ങളിലുള്ളതിനേക്കാൾ അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ മൊത്തം ജനസംഖ്യയുടെ ഏതാണ്ട് 13 ശതമാനം 60 വയസ്സിന് മുകളിലുള്ളവരാണ്. ഈ സാഹചര്യത്തിലാണ് വയോജനങ്ങൾക്കായി നടപ്പാക്കുന്ന പദ്ധതികളുടെയും വയോജന നയത്തിന്റെയും പ്രസക്തി വർദ്ധിക്കുന്നത്. മറ്റ് വികസിത രാജ്യങ്ങളെ അപേക്ഷിച്ച് ഇൻഡ്യപോലുള്ള വികസ്വര രാജ്യങ്ങളിൽ വാർദ്ധക്യം ദാരിദ്ര്യത്തിലും കഷ്ടപ്പാടുകളിലും കഴിയേണ്ടതായി വരുന്നു. ആകയാൽ ഇവരെ മുഖ്യധാരയിലേക്ക് കൈപിടിച്ചുകൊണ്ടുവരുന്നതിന് സർക്കാരും സമൂഹവും ഒരുപോലെ ബാധ്യസ്ഥരാണ്.

2. വൃദ്ധജനങ്ങളുടെ ഒറ്റപ്പെടൽ, ഏകാന്തത, ഉത്കണ്ഠ എന്നിവയും മറ്റ് ശാരീരിക രോഗങ്ങളും മാത്രം പരിഗണിച്ചുകൊണ്ടാണ് സർക്കാർ ഇവർക്കായി നിലവിൽ പദ്ധതികൾ രൂപകൽപ്പന ചെയ്യുന്നത്.

3. എന്നാൽ വാർദ്ധക്യത്തിലെ പോരായ്മകൾക്കൊപ്പം അതിലെ അനുകൂല ഘടകങ്ങളെയും കരുത്തിനെയും എങ്ങനെ സൃഷ്ടിപരമായി വിനിയോഗിക്കാം എന്നതു സംബന്ധിച്ച് ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അറുപതു വയസ്സ് പിന്നിട്ടാൽ വാർദ്ധക്യമായെന്ന നിബന്ധനയും നിർവ്വചനവും മാറ്റിവച്ചാൽ പ്രായവുമായി നേർബന്ധമില്ലാത്ത വാർദ്ധക്യ സങ്കൽപ്പത്തിൽ കൂടുതൽ പേരെ കൂടുതൽ കാലം പ്രവർത്തനക്ഷമരായി നിലനിർത്താൻ സാധിക്കും. ഇത് രാജ്യത്തിന്റെതന്നെ ക്രിയാത്മക ഉന്നമനത്തിന് ഉത്തേജനം നൽകും എന്ന് നിസ്സംശയം പറയാം.

4. പന്ത്രണ്ടാം കേരള നിയമസഭ 2010 ജൂലൈ 31-ന് രൂപീകരിച്ച മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി ഈ കാലയളവ് മുതൽ സമിതി മുമ്പാകെ സമർപ്പിക്കപ്പെട്ട ഹർജികൾക്ക് ബന്ധപ്പെട്ട വകുപ്പുകൾവഴി പരിഹാരം കണ്ടെത്തി നൽകിയിട്ടുണ്ട്. മുതിർന്ന പൗരന്മാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി ക്രിയാത്മക നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് നിരവധി റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും അവയിന്മേൽ തുടർനടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.

കൂടാതെ സമിതി കേരളത്തിലെ വിവിധ ജില്ലകളിലെ സർക്കാർ വൃദ്ധസദനങ്ങൾ സന്ദർശിക്കുകയും ജില്ലാതല ഹർജികളിൽമേൽ തെളിവെടുപ്പ് നടത്തി ഹർജികൾ തീർപ്പാക്കുകയും ചെയ്യുന്നുണ്ട്.

5. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ കൂടാതെ സമിതി, മുതിർന്ന പൗരന്മാർക്കെതിരെയുണ്ടാകുന്ന മനുഷ്യത്വരഹിത പ്രവൃത്തികളെ സംബന്ധിച്ച പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ വിഷയം സ്വമേധയാ ഹർജിയായി സ്വീകരിക്കുകയും ആയതിൻമേൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.

6. 2016 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള ഒരു വർഷകാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ കാലയളവിൽ പതിമൂന്നാം കേരള നിയമസഭയുടെ 2014-2016 വർഷത്തേക്കുള്ള സമിതിയും പതിനാലാം കേരള നിയമസഭയുടെ 2016-2019 വർഷത്തേക്കുള്ള സമിതിയുമാണ് പ്രവർത്തിച്ചിട്ടുള്ളത്. ഈ കാലയളവിൽ മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി ചേർന്ന 11 യോഗങ്ങളിൽ രണ്ടെണ്ണം പമ്പ, കാസർഗോഡ് എന്നിവിടങ്ങളിൽ ചേർന്ന തെളിവെടുപ്പ് യോഗങ്ങളും മറ്റുള്ളവ സമിതിയുടെ പരിഗണനയിലുള്ള വിവിധ ഹർജികളിൻമേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ, പുതിയ ഹർജികൾ, തുടർ ഹർജികൾ എന്നിവ പരിഗണിക്കുന്നതിനും വേണ്ടിയായിരുന്നു.

7. 2016-ലെ ശബരിമല തീർത്ഥാടനം ആരംഭിക്കാനിരിക്കെ ശബരിമല ദർശനത്തിനെത്തുന്ന മുതിർന്ന പൗരന്മാർക്ക് ലഭ്യമാക്കേണ്ട സൗകര്യങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിന് 11-11-2016-ന് പമ്പാ ദേവസ്വം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ സമിതി യോഗം ചേർന്ന് ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെ പറയുന്ന നിർദ്ദേശങ്ങൾ/ശിപാർശകൾ സർക്കാരിന് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

8. പ്രായാധിക്യമുള്ളവർക്ക് മല നടന്ന് കയറുന്നതിനായി പ്രത്യേകം സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം ഇവരെ കൈപിടിച്ച് മല കയറ്റുന്നതിന് പ്രത്യേക വോളണ്ടിയർമാരെ നിയോഗിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

9. മുതിർന്ന പൗരന്മാർക്ക് മല കയറുന്നതിനിടയിൽ ശാരീരിക ബുദ്ധിമുട്ട് ഉണ്ടായാൽ ആ സ്ഥലത്ത് വൈദ്യസഹായം എത്തിക്കുന്നതിനും മല കയറുന്നതിനുമുമ്പ് ആവശ്യമുള്ളപക്ഷം ആരോഗ്യനില പരിശോധിക്കുന്നതിനും ഇടയ്ക്കിടയ്ക്ക് വിശ്രമ സ്ഥലങ്ങൾ ഒരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു.

10. ആരോഗ്യപരമായി ബുദ്ധിമുട്ടുള്ളവരെ പെട്ടെന്ന് ആശുപത്രിയിൽ എത്തിച്ച് കിടത്തി ചികിത്സ നൽകുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കണമെന്നും രോഗിയെ ആശുപത്രിയിൽ എത്തിക്കുന്നതിന് "ഓഫ് റോഡ് ആംബുലൻസ്" സംവിധാനം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

11. ചന്ദ്രാനന്ദൻ റോഡിൽ ഒന്നരകിലോമീറ്ററോളം വിശ്രമസ്ഥലങ്ങൾ കുറവാണെന്ന് വിലയിരുത്തിയ സമിതി, വനത്തിന്റെ സ്വാഭാവികതയ്ക്ക് ഭംഗം വരുത്താതെയും മരങ്ങൾക്ക് നാശം വരുത്താതെയും ശബരിമല സീസണുകളിൽ മാത്രം ബെഞ്ചുകൾ സ്ഥാപിച്ചുള്ള താല്ക്കാലിക വിശ്രമ സങ്കേതങ്ങൾ വനം വകുപ്പിന്റെ അനുമതിയോടെ നിർമ്മിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

12. പമ്പ മുതൽ സന്നിധാനം വരെ മുതിർന്ന പൗരന്മാർക്ക് മലകയറ്റുന്നതിനും ഇറങ്ങുന്നതിനുമായി 3 അടി വീതിയിൽ പ്രത്യേക നടപ്പാത സജ്ജീകരിക്കണമെന്നും അവർക്ക് ഇടയ്ക്ക് വിശ്രമിക്കുന്നതിനുള്ള താൽക്കാലിക സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

13. 22-12-2016-ന് കാസർഗോഡ് ജില്ലയിൽ സന്ദർശനം നടത്തിയ സമിതി കാസർഗോഡ് ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരുകയും ജില്ലയിൽ നിന്നുള്ള ഹർജികളിന്മേലും വയോജനങ്ങളുമായി ബന്ധപ്പെട്ട പൊതുവായ പ്രശ്നങ്ങളിൻമേലും ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും കാസർഗോഡ് ജില്ലയിലെ പരുവനടുക്കത്ത് സ്ഥിതി ചെയ്യുന്ന സർക്കാർ വൃദ്ധസദനം സന്ദർശിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു.

14. മുതിർന്ന പൗരന്മാർ സമർപ്പിക്കുന്ന ഹർജകളിൻമേൽ തുടർ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ വരുത്തുന്ന അക്ഷന്തവ്യമായ കാലതാമസം സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ചികിത്സാ ധനസഹായത്തിനായി സമർപ്പിച്ച ഹർജികൾക്കുപോലും വകുപ്പുകൾ വേണ്ടത്ര പരിഗണന നൽകാത്തതിനാൽ ഹർജിക്കാർ ധനസഹായം ലഭിക്കാതെ മരണപ്പെട്ട സാഹചര്യങ്ങൾ ഉണ്ടായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആകയാൽ ചികിത്സാചെലവും ഭാവിയിലുള്ള ചികിത്സാ രീതികളും വിവരിച്ചുകൊണ്ടുള്ള ഡോക്ടർ സർട്ടിഫിക്കറ്റിനോടൊപ്പം മുതിർന്ന പൗരന്മാർ സമർപ്പിക്കുന്ന അപേക്ഷയിന്മേൽ ബന്ധപ്പെട്ട വകുപ്പുതല മേലുദ്യോഗസ്ഥൻ നേരിട്ട് ഇടപെടണമെന്നും അർഹമായവയ്ക്ക് കാലതാമസം കൂടാതെ ആയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിച്ചവർ മരണപ്പെടുന്ന സാഹചര്യത്തിൽ അപേക്ഷകൻ ചികിത്സയ്ക്കായി തുക മുൻകൂറായി ചെലവഴിച്ചിരുന്നു എന്നതു കണക്കിലെടുത്ത് മരണപ്പെട്ട ആളുടെ ആശ്രിതർക്ക് ധനസഹായം അനുവദിച്ച് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. സമിതിക്കു ലഭിക്കുന്ന ഹർജികളിൽ അടിയന്തരമായി നടപടി സ്വീകരിക്കേണ്ടവയ്ക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടി നൽകണമെന്ന് സമിതി

യോഗങ്ങളിൽ നിർദ്ദേശം നൽകാറുണ്ടെങ്കിലും വകുപ്പുകൾ അത് പാലിക്കാറില്ലെന്നും പലപ്പോഴും നിരവധി വർഷങ്ങൾക്കുശേഷമാണ് മറുപടി ലഭിക്കാറുള്ളതെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ സമിതി നിർദ്ദേശങ്ങൾക്ക് പരാമർശിക്കപ്പെട്ട നിശ്ചിത സമയത്തിനുള്ളിൽ തന്നെ അതതു വകുപ്പുകൾ മറുപടി നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

17. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഒരു മാസത്തിനുള്ളിൽ ഹർജികളിൽ മേലുള്ള റിപ്പോർട്ടുകൾ ബന്ധപ്പെട്ട വകുപ്പുകൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ചട്ട പ്രകാരമുള്ള കാലാവധി ഒരിക്കലും വകുപ്പുകൾ പാലിക്കാറില്ലെന്നും പലപ്പോഴും നാലോ അഞ്ചോ വർഷങ്ങൾക്കുശേഷമാണ് റിപ്പോർട്ടുകൾ ലഭിക്കാറുള്ളതെന്നുമുള്ള വസ്തുത സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആകയാൽ ജീവിതസായാഹ്നത്തിൽ എത്തി നിൽക്കുന്ന വയോജനങ്ങൾ സമർപ്പിക്കുന്ന പരാതികളിൽ ഒരു മാസത്തിനുള്ളിൽതന്നെ മറുപടി ലഭ്യമാക്കണമെന്ന ചട്ടം കൃത്യമായി പാലിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. 2007-ലെ കേരള മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് റൂൾസ് ലംഘിക്കപ്പെടുന്നതായി ആരോപിച്ച് രക്ഷിതാക്കളായ വയോജനങ്ങൾ നിരവധി പരാതികൾ സമിതിക്ക് സമർപ്പിക്കാറുണ്ട്. സാമൂഹ്യനീതി വകുപ്പുവഴി ദിവസങ്ങൾക്കുള്ളിൽ തുടർ നടപടി സ്വീകരിക്കേണ്ടതായ ടി വിഷയങ്ങൾ അടിയന്തര പ്രാധാന്യത്തോടെ അറിയിക്കുമെങ്കിലും യാതൊരു പ്രതികരണങ്ങളും വകുപ്പിന്റെ ഭാഗത്തു നിന്നും പലപ്പോഴും ലഭിക്കാറില്ല എന്നകാര്യം സമിതി ഗൗരവമായാണ് വീക്ഷിക്കുന്നത്.

19. സാമൂഹികമായും വൈകാരികമായും ഒറ്റപ്പെട്ടു നിൽക്കുന്ന ഒരു ചെറിയ ജനസമൂഹത്തിന് നിയമം അനുശാസിക്കുന്ന പരിരക്ഷ നൽകുന്നതിന് സർക്കാർ ബാധ്യസ്ഥരാണെങ്കിലും ഇത് പാലിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആയതിൽ വീഴ്ച വരുത്തുന്നത് അനുവദിക്കാൻ സാധിക്കില്ലെന്ന് സമിതി വിലയിരുത്തുന്നു.

20. ആകയാൽ കേരള മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് റൂൾസ്, 2007 സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ അടിയന്തരമായി ഇടപെടുന്നതിന് സാമൂഹ്യനീതി വകുപ്പ് ഒരു സ്പെഷ്യൽ സ്ക്വാഡ് സംവിധാനം രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. സമീപകാലത്ത് കേരളം ഏറ്റവും കൂടുതൽ ചർച്ച ചെയ്തിട്ടുള്ള ഒരു വിഷയമാണ് മുതിർന്ന പൗരന്മാരുടെ സംരക്ഷണം, സാക്ഷരതയിലും ഉന്നത ചിന്തയിലും ഉയർന്ന ജീവിത

നിലവാരത്തിലുമെല്ലാം മറ്റ് സംസ്ഥാനങ്ങളെക്കാൾ മുൻപന്തിയിൽ നിൽക്കുന്ന കേരളീയർ മുതിർന്ന പൗരന്മാരോടുള്ള മനുഷ്യത്വപരമല്ലാത്ത പെരുമാറ്റത്തിലും മുന്നിലാണെന്നാണ് നിത്യേനയുള്ള പത്രവാർത്തകൾ തെളിയിക്കുന്നത്. മക്കൾ വിദേശത്തായതിനാൽ വീടുകളിൽ ഒറ്റപ്പെട്ടുപോകുന്ന മാതാപിതാക്കൾ, മറ്റ് പലവിധകാരണങ്ങളാൽ ആശ്രയിക്കാനാളില്ലാതെ ഏകാന്ത ജീവിതം നയിക്കുന്ന വയോജനങ്ങൾ, ഇവർക്ക് സമൂഹത്തിൽ നിന്നും നേരിടേണ്ടി വരുന്ന ലൈംഗിക ചൂഷണമുൾപ്പെടെയുള്ള പല വിധ ചൂഷണങ്ങൾ ഇപ്പോൾ നിത്യ സംഭവമാണ്. ആകയാൽ വീടുകളിൽ ഒറ്റപ്പെട്ടുപോകുന്ന ഇത്തരം ആളുകളെ സംബന്ധിക്കുന്ന കൃത്യമായ വിവരം അതത് പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെടണമെന്നും മാസത്തിലൊരിക്കലെങ്കിലും അധികാരികൾ ഇത്തരം വീടുകളിൽ സന്ദർശനം നടത്തി അവരുടെ പ്രശ്നങ്ങൾ നേരിട്ട് കണ്ട് വിലയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

22. വാർദ്ധക്യമെന്നത് ആരോഗ്യത്തിന്റെ ശോഷിപ്പുകൂടിയാണെന്ന് നമുക്കറിയാം. അതിനാലാണ് ജറിയാട്രിക്സ് എന്ന ശാസ്ത്രശാഖയ്ക്ക് പ്രസക്തിയേറുന്നത്. അതുകൊണ്ടുതന്നെ വയോജനങ്ങൾക്കുമാത്രമായുള്ള ആരോഗ്യ പദ്ധതിക്ക് രൂപം കൊടുക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

23. വാർദ്ധക്യസഹജമായി ഉണ്ടായേക്കാവുന്ന അസുഖങ്ങളായ പാർക്കിൻസൺസ്, അൽഷിമേഴ്സ്, ശ്രവണ/കാഴ്ച വൈകല്യങ്ങൾ തുടങ്ങിയവ ചികിത്സിക്കുന്നതിനായി ജറിയാട്രിക് ക്ലിനിക്കുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ മുതലുള്ള ആശുപത്രികളിൽ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. ഇത്തരം ക്ലിനിക്കുകളിൽ പരിശോധനയ്ക്കൊപ്പം ആവശ്യമുള്ള സഹായോപകരണങ്ങൾ, ശ്രവണ/കാഴ്ച ഉപകരണങ്ങൾ, വാക്കറുകൾ, വീൽചെയറുകൾ എന്നിവ രോഗികൾക്ക് ആവശ്യമെങ്കിൽ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. സംസ്ഥാനത്തെ അവശ്യസേവന കേന്ദ്രങ്ങളായ ആശുപത്രികൾ, സർക്കാർ ഓഫീസുകൾ മുതലായ സ്ഥാപനങ്ങളിൽ നിന്നും വയോജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ ഇനിയും ഏറെ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് സമിതിയുടെ ജില്ലാ സന്ദർശനങ്ങളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലെയും വഴി, പടവുകൾ, തറ, കട്ടിൽ, ശുചിമുറി എന്നിവ വയോജനങ്ങൾക്കുകൂടി ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. വയോജനങ്ങൾക്ക് അവരുടെ വ്യക്തിപരമായ കാര്യങ്ങൾക്കായി ജില്ലാ കളക്ടറേറ്റുകൾ സ്ഥിതിചെയ്യുന്ന മിനി സിവിൽ സ്റ്റേഷനുകളെ നിരന്തരം സമീപിക്കേണ്ടതായി വരുന്നുണ്ട്. എന്നാൽ ഈ ബഹുനില കെട്ടിടങ്ങളുടെ മുകളിലത്തെ

നിലകളിലേക്ക് എത്തിപ്പെടുന്നതിന് ലിഫ്റ്റ് സൗകര്യം ഇല്ലാത്തതിനാൽ ഇവർ വളരെയധികം ബുദ്ധിമുട്ടുന്നതായി സമിതി മനസ്സിലാക്കുന്നു. ആകയാൽ സംസ്ഥാനത്തെ എല്ലാ മിനി സിവിൽ സ്റ്റേഷനുകളിലും ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തണമെന്നും വയോജനങ്ങൾ നിരന്തരം സന്ദർശിക്കുന്ന സർക്കാർ ഓഫീസുകളിൽ വീൽചെയർ സജ്ജമാക്കണമെന്നും ആയത് ലഭ്യമാണെന്ന വിവരം എഴുതി പ്രദർശിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

27. വയോജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ തന്നെ നിലനിർത്തുന്നതിന് സർക്കാർ തലത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ രൂപീകരിക്കണമെന്നും മുതിർന്ന പൗരൻമാരുടെ അവകാശങ്ങൾ, ആരോഗ്യസംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കണമെന്നും മുതിർന്ന പൗരൻമാരുടെ പരിചയസമ്പത്ത് പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

28. മുതിർന്ന പൗരൻമാർ ഏറ്റവും അധികം പ്രശ്നങ്ങൾ നേരിടുന്ന മേഖലയാണ് യാത്രാവേളയിലെ സീറ്റ് സംവരണവും ആശുപത്രികളിലെ ക്യൂ സംവിധാനവും. ഇത് പരിഹരിക്കുന്നതിനായി ശ്രമങ്ങൾ നടക്കുന്നുണ്ട് എങ്കിലും ആയത് ഫലപ്രദമാകുന്നില്ല എന്ന വ്യാപക പരാതിയുണ്ട്. ഇതു സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ എഫ്.എം. റേഡിയോ പോലുള്ള സമൂഹമാധ്യമങ്ങളിലൂടെ കൂടുതലായി പ്രചരിപ്പിക്കുന്നതോടൊപ്പം (വൈദ്യുതി, വെള്ളം എന്നിവയെക്കുറിച്ചുള്ള പരസ്യങ്ങൾ പോലെ) മുതിർന്ന പൗരൻമാർക്കായി സംവരണം ചെയ്യപ്പെട്ട സീറ്റുകൾ, അവർ ആവശ്യപ്പെടുമ്പോൾ ഒഴിഞ്ഞു നൽകാതെ വരുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച പരാതി ബോധിപ്പിക്കുന്നതിനുള്ള ഫോൺ നമ്പറും മേൽവിലാസവും ശിക്ഷാനടപടികളും കൂടി ബസിൽ പെയിന്റ് കൊണ്ട് എഴുതി പ്രദർശിപ്പിക്കേണ്ടതാണ് എന്നും ബസുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന വേളയിൽ ഈ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ട് എന്ന് ഗതാഗത വകുപ്പ് ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ് എന്നും സമിതി ശിപാർശ ചെയ്യുന്നു.

29. ഇതേ രീതിയിൽ മുതിർന്ന പൗരൻമാർക്കായി പ്രത്യേക ക്യൂ സംവിധാനം ഏർപ്പെടുത്താത്തത് സംബന്ധിച്ച് പരാതി സമർപ്പിക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആശുപത്രികളിൽ എഴുതി പ്രദർശിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. താലൂക്ക് ആശുപത്രി മുതലുള്ള എല്ലാ ആശുപത്രികളിലും മുതിർന്ന പൗരൻമാർക്കായി പ്രത്യേകം വാർഡ് രൂപീകരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ട സമിതി, ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ജറിയാട്രിക് വാർഡുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്ന് അനുകൂല മറുപടി ലഭിച്ച ഹർജികളിൽ ചിലത് സംബന്ധിച്ച വിവരം

1. വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണ മെന്നാവശ്യപ്പെട്ട് ശ്രീ. എം. സുകുമാരൻ, നെടുമങ്ങാട് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 11765/CWSC1/2011/നി.സെ.)

കാഴ്ച തീരെയില്ലാത്ത രോഗിയായ 68 വയസ്സുള്ള ഹർജിക്കാരന് മുടങ്ങിപ്പോയ വാർദ്ധക്യകാലപെൻഷൻ കുടിശ്ശികയില്ലാതെ കിട്ടാൻ നടപടിയുണ്ടാകണമെന്നും നിരാലംബനായ ടിയാന് നഗരസഭാ ചെയർമാന്റെ നേരിട്ടുള്ള സഹായം നൽകണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ വാർദ്ധക്യകാല പെൻഷനുവേണ്ടി അപേക്ഷ സമർപ്പിച്ചതിൻ പ്രകാരം ടിയാന് 1-7-2009 മുതൽ പെൻഷൻ അനുവദിക്കുകയും, 2014 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ അദ്ദേഹത്തിന്റെ ID No.101740200568 എന്ന നമ്പരിൽ നൽകിയിട്ടുണ്ടെന്നുമുള്ള വിവരം അറിയിച്ചിരിക്കുന്നു.

2. മുതിർന്ന പൗരന്മാരുടെ നിരവധി ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. കെ. കൃഷ്ണൻകുട്ടി, തൃശ്ശൂർ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 11754/CWSC1/2011/നി.സെ.)

ഹർജിക്കാരൻ സമർപ്പിച്ച നിവേദനത്തിലെ 5-ാമത്തെ ആവശ്യമായ റോഡുകളിലും അമ്പലമുറ്റത്തും മാറാപ്പുമായി അലയുന്ന വൃദ്ധജനങ്ങൾക്ക് സംരക്ഷണം നൽകുക എന്നതിന് സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതിയോഗം ഇത്തരം നിരാലംബരായ വൃദ്ധരെ അധിവസിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങളിലെ ഓരോ അന്തേവാസിക്കും പ്രതിമാസം 750 രൂപ വീതം നൽകി വരുന്ന സർക്കാർ ഗ്രാന്റ് 1,500 രൂപയായി വർദ്ധിപ്പിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു.

സമിതിയുടെ പ്രസ്തുത ശിപാർശ പ്രകാരം സാമൂഹ്യനീതി വകുപ്പ്, അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവിൽ അലഞ്ഞുതിരിയുന്നവർക്ക് സംരക്ഷണം നൽകുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നൽകി വരുന്ന പ്രതിമാസ ഗ്രാന്റ് 18-8-2015-ലെ സ.ഉ.(സാധാ.) 522/15/സാനിവ. ഉത്തരവ് പ്രകാരം 750/-രൂപയിൽ നിന്നും 1,500/-രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു).

3. ജന്മി പെൻഷൻ കുടിശ്ശിക ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. എസ്. നടരാജ അയ്യർ, പാലക്കാട് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 23861/CWSC2/2015/നി.സെ.)

ജന്മി പെൻഷൻ 1-9-2014 മുതൽ 3,000/- രൂപയായി വർദ്ധിപ്പിച്ചുവെങ്കിലും ആയത് കുടിശ്ശിക തീർത്ത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ, 2015-16 സാമ്പത്തിക വർഷം 18 ലക്ഷം രൂപയാണ് മുൻ ജന്മി പെൻഷൻ വിതരണം ചെയ്യുന്നതിന് 3475-00-201-93 എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്നത് എന്നും, ബജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ച് കഴിഞ്ഞതിനാൽ കുടിശ്ശികയുള്ള ജന്മി പെൻഷന്റെ വിതരണത്തിനാവശ്യമായ ഫണ്ടിന്റെ ആവശ്യകത വ്യക്തമാക്കി അഡീഷണൽ ഓതറൈസേഷനുവേണ്ടി വിശദമായ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 57,74,000/- രൂപ (അമ്പത്തിയേഴ് ലക്ഷത്തി എഴുപത്തിനാലായിരം രൂപ മാത്രം) അധികമായി അനുവദിക്കുകയും ആയത് മുൻ ജന്മി പെൻഷൻ വിതരണം ചെയ്യുന്നതിനായി എല്ലാ ജില്ലകൾക്കും അനുവദിക്കുകയും ചെയ്തിട്ടുണ്ട് എന്നും അറിയിച്ചു.

സി. കെ. നാണു,
അദ്ധ്യക്ഷൻ,
മുതിർന്ന പൗരന്മാരുടെ ക്ഷേമം
സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2017 ആഗസ്റ്റ് 21.

അനുബന്ധം I

സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച പട്ടിക

ക്രമ നമ്പർ	ഹർജി വിഷയവും ഫയൽ നമ്പരും
1	2
1	അയൽക്കാർ സ്വത്ത് തട്ടിയെടുക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നത് സംബന്ധിച്ച് ശ്രീ. മാധവൻ നായർ, തിരുവനന്തപുരം സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 11524/സി.ഡബ്ല്യു.എസ്.സി.1/2011/നി.സെ.)
2	പഞ്ചായത്തിൽ നിന്നും സഹായം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ലളിതാഭായി, കൊല്ലം സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 11683/സി.ഡബ്ല്യു.എസ്.സി.1/2011/നി.സെ.)
3	മുതിർന്ന പൗരന്മാർക്കുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം ലഭിക്കുന്നതിനായി ശ്രീ. കെ. കൃഷ്ണൻകുട്ടി, തൃശ്ശൂർ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 11754/സി.ഡബ്ല്യു.എസ്.സി.1/2011/നി.സെ.)
4	വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിന് നടപടിയെടുക്കുന്നത് സംബന്ധിച്ച് ശ്രീ. എം. സുകുമാരൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 11765/സി.ഡബ്ല്യു.എസ്.സി.1/2012/നി.സെ.)
5	പെൻഷൻ ലഭിക്കുന്നതിന് കൊല്ലം ആയുർവ്വേദ സഹകരണ സംഘത്തിൽ നിന്നും വിരമിച്ച ജീവനക്കാരനായ ശ്രീ. ബി. സൈമൺ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 12973/സി.ഡബ്ല്യു.എസ്.സി.1/2011/നി.സെ.)
6	റിവേഴ്സ് മോർട്ട്ഗേജ് ലോണിനുള്ള മരണപത്രം രജിസ്റ്റർ ചെയ്യ ലഭിക്കുന്നതിനുള്ള നടപടി സബന്ധിച്ച് ശ്രീ. കെ. എ. ബാലകൃഷ്ണൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 15786/സി.ഡബ്ല്യു.എസ്.സി.1/2012/നി.സെ.)
7	വാഹനാപകടത്തെ തുടർന്ന് കിടപ്പിലായ ഹർജിക്കാരന് കേസ് സംബന്ധമായ അനന്തര നടപടികൾക്കുള്ള ധനസഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച് ശ്രീ. രവീന്ദ്രൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 15795/സി.ഡബ്ല്യു.എസ്.സി.1/2012/നി.സെ.)
8	വസ്തു അളന്ന് കിട്ടുന്നതിന് നടപടി സ്വീകരിക്കുന്നതു സംബന്ധിച്ച് ശ്രീ. എം. മുരളീധരൻ നായർ, ആലുവ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 16495/സി.ഡബ്ല്യു.എസ്.സി.1/2013/നി.സെ.)

1	2
9	ധനനിശ്ചയാധാരം റദ്ദ് ചെയ്ത് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ശ്രീമതി എൻ. ലക്ഷ്മി, തിരുവനന്തപുരം സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 18878/സി.ഡബ്ല്യു.എസ്.സി.1/2013/നി.സെ.)
10	സുനിൽരാജ്, എസ്.ഐ.ക്കെതിരെയുള്ള പരാതി സംബന്ധിച്ച് ശ്രീ. രാമചന്ദ്രൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 13137/സി.ഡബ്ല്യു.എസ്.സി.1/2014/നി.സെ.)
11	കള്ളക്കേസിൽ കുടുക്കി പീഡിപ്പിക്കുന്നുവെന്ന് പരാതിപ്പെട്ട് ശ്രീമതി പത്മിനി, പാലക്കാട് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 16018/സി.ഡബ്ല്യു.എസ്.സി.1/2014/നി.സെ.)
12	മകൻ വീട്ടിൽ നിന്നും മാറി താമസിക്കണമെന്ന ബഹു. കോഴിക്കോട് ആർ.ഡി.ഒ.യുടെ ഉത്തരവ് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കുട്ടിരാമൻ, കോഴിക്കോട് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 19592/സി.ഡബ്ല്യു.എസ്.സി.1/2014/നി.സെ.)
13	പെൻഷൻ ലഭിക്കുന്നതിനായി ശ്രീ. മോഹനൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 12767/സി.ഡബ്ല്യു.എസ്.സി.2/2011/നി.സെ.)
14	മുതിർന്നവർക്കായുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ബാലകൃഷ്ണ മേനോൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 15798/സി.ഡബ്ല്യു.എസ്.സി.2/2012/നി.സെ.)
15	മുതിർന്നവരുടെ ക്ഷേമത്തിനായി വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. വി. വി. പരമേശ്വരൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 15805/സി.ഡബ്ല്യു.എസ്.സി.2/2012/നി.സെ.)
16	ശമ്പളം നിജപ്പെടുത്തിയതിലെ അപാകത പരിഹരിക്കുന്നതിനായി ശ്രീ. സി. കെ. നാരായണൻ നായർ, ആലപ്പുഴ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 17312/സി.ഡബ്ല്യു.എസ്.സി.2/2013/നി.സെ.)
17	മകന് എഴുതിക്കൊടുത്ത വസ്തു തിരികെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ഒ. സുഭാഷിണി, കോഴിക്കോട് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 12317/സി.ഡബ്ല്യു.എസ്.സി.2/2014/നി.സെ.)
18	മകനിൽ നിന്നുള്ള ശാരീരിക മാനസിക പീഡനങ്ങളിൽ നിന്നും സംരക്ഷണം ആവശ്യപ്പെട്ട് ശ്രീ. റ്റി. ആന്റണി, കൊല്ലം സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23172/സി.ഡബ്ല്യു.എസ്.സി.2/2014/നി.സെ.)
19	റീസർവ്വേയിലൂടെ നഷ്ടപ്പെട്ട വസ്തു തിരികെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ബി. ആനന്ദവല്ലി, കൊല്ലം സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 13530/സി.ഡബ്ല്യു.എസ്.സി.2/2015/നി.സെ.)

അനുബന്ധം II

വിവിധ കാരണങ്ങളാൽ സമിതി നിരസിച്ച ഹർജി സംബന്ധിച്ച പട്ടിക

ക്രമ നമ്പർ	ഹർജി വിഷയവും ഫയൽ നമ്പരും
	കെട്ടിടം പൊളിച്ചുമാറ്റിയപ്പോൾ ഹർജിക്കാരന് ഉണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സി. എൻ. അരവിന്ദാക്ഷൻ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 13076/സി.ഡബ്ല്യു.എസ്.സി1/2016/നി.സെ.)

അനുബന്ധം III

ഗവൺമെന്റിൽ നിന്ന് അന്തിമ റിപ്പോർട്ട് ലഭിക്കാത്തതിനാൽ തീരുമാനമാകാത്ത ഹർജികൾ സംബന്ധിച്ച പട്ടിക

സാമൂഹ്യനീതി വകുപ്പ്

ക്രമ നമ്പർ	ഹർജി വിഷയം/ഫയൽ നമ്പർ	ഗവൺമെന്റ് റഫറൻസ്
1	2	3
1	മുതിർന്ന പൗരൻമാർക്ക് നിലവിൽ സാമൂഹ്യനീതി വകുപ്പ് വഴി നൽകി വരുന്ന വിവിധ ആനുകൂല്യങ്ങൾ സംബന്ധിച്ച് ശ്രീ. കെ. ഗംഗാധരക്കുറുപ്പ് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 11690/സി.ഡബ്ല്യു.എസ്.സി1/11/നി.സെ.)	14468/സി2/2012/ സാ.നീ.വ. തീയതി 6-11-2013
2	മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2011-2014)യുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൻ മേൽ തുടർ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് (ഫയൽ നമ്പർ 15202/സി.ഡബ്ല്യു.എസ്.സി1/13/നി.സെ.)	3284/സി2/2014/ സാ.നീ.വ. തീയതി 23-7-2016 (ഖണ്ഡിക- 32, ഖണ്ഡിക 18, 26, 31, 35, 73, 78 അധികവിവരം)
3	മുതിർന്ന പൗരൻമാർക്കുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. എസ്. ബാബു, ശങ്കരമംഗലം സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 22583/സി.ഡബ്ല്യു.എസ്.സി1/14/നി.സെ.)	1583/സി2/2015/ സാ.നീ.വ. തീയതി 16-4-2015

1	2	3
4	മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ടി. കെ. മുഹമ്മദ് സവാഹിർ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 22589/സി.ഡബ്ല്യു.എസ്.സി1/14/നി.സെ.)	506391/സി2/2016/ സാ.നീ.വ. തീയതി 2-5-2016
5	ശാന്തിതീരം ഓൾഡ് ഏജ് ഹോമിൽ നൽകിയ അഡ്വാൻസ് തുക മടക്കി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഗോപാലകൃഷ്ണൻ നായർ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23247/സി.ഡബ്ല്യു.എസ്.സി1/15/നി.സെ.)	1427/സി1/2016/ സാ.നീ.വ. തീയതി 3-3-2016
6	മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-2016)യുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൻ മേൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് (ഫയൽ നമ്പർ 25207/സി.ഡബ്ല്യു.എസ്.സി1/15/നി.സെ.)	9756/സി2/2015/ സാ.നീ.വ.തീയതി 2-5-2016 (ഖണ്ഡിക-21, 30, 34, 36)
7	കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ, ചൂണ്ടൽ പഞ്ചായത്ത് യൂണിറ്റ് അവതരിപ്പിച്ച പ്രമേയത്തിന്മേൽ തുടർനടപടി (ഫയൽ നമ്പർ 1678/സി.ഡബ്ല്യു.എസ്.സി1/2016/നി.സെ.)	കത്ത് കൈപ്പറ്റിയ വിവരം അറിയിച്ചിട്ടില്ല
8	കുടുംബാംഗങ്ങളിൽ നിന്നും നീതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഒ. കഞ്ഞുപിള്ള, ഓച്ചിറ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23007/സി.ഡബ്ല്യു.എസ്.സി1/2016/നി. സെ.)	1132477/സി2/ 2017/സാ.നീ.വ. തീയതി 24-1-2017
9	മുതിർന്ന പൗരന്മാരുടെ സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള വയോജന വേദി, തൃശ്ശൂർ, മുളങ്കുന്നത്തുകാവ് യൂണിറ്റ് സെക്രട്ടറിയും, പ്രസിഡന്റും സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 15785/സി.ഡബ്ല്യു. എസ്.സി2/2012/നി.സെ.)	4131/സി2/2014/ സാ.നീ.വ. തീയതി 14-7-2014
10	സമിതി (2011-2014)യുടെ ചോദ്യാവലിയിൻമേൽ റിപ്പോർട്ട് ആവശ്യപ്പെട്ടന്നത് സംബന്ധിച്ച് (ഫയൽ നമ്പർ 19197/സി.ഡബ്ല്യു.എസ്.സി2/2013/നി. സെ.)	കത്ത് കൈപ്പറ്റിയ വിവരം അറിയിച്ചിട്ടില്ല
11	തൃശ്ശൂർ ജില്ലയിലെ മുതിർന്ന പൗരന്മാർക്കായി നടപ്പിലാക്കേണ്ട വിവിധ പദ്ധതികൾ സംബന്ധിച്ച് കേരള സീനിയർ സിറ്റിസൺ ഫോറം, ജില്ലാ കമ്മിറ്റി സെക്രട്ടറിയും പ്രസിഡന്റും സമർപ്പിച്ച ഹർജി (ഫയൽനമ്പർ 12623/സി.ഡബ്ല്യു.എസ്.സി2/2014/നി. സെ.)	ഹർജി കൈപ്പറ്റിയ വിവരം അറിയിച്ചിട്ടില്ല

1	2	3
12	വയോജനങ്ങളുടെ ക്ഷേമത്തിനായി വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ശ്രീ. ജോർജ്ജ് വർഗ്ഗീസ്, കാസർഗോഡ് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 13136/സി.ഡബ്ല്യു.എസ്.സി2/14/നി.സെ.)	5011/സി2/14/ സാ.നീ.വ. തീയതി 14-7-2014
13	സമിതി (2014-2016)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ തുടർ നടപടി റിപ്പോർട്ട് ആവശ്യപ്പെട്ടുന്നത് സംബന്ധിച്ച് (ഫയൽ നമ്പർ 19001/സി.ഡബ്ല്യു.എസ്.സി2/14/നി.സെ.)	3780/സി3/14/ സാ.നീ.വ.തീയതി 27-7-2015 (ഖണ്ഡിക 3-അധിക വിവരം)
14	വയോജനങ്ങൾക്കായി വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. രാഘവൻ, കണ്ണൂർ സമർപ്പിച്ച നിവേദനം (ഫയൽ നമ്പർ 22578/സി.ഡബ്ല്യു.എസ്.സി2/14/നി.സെ.)	1307/സി2/15/ സാ.നീ.വ. തീയതി 16-4-2015
15	മുതിർന്നവർക്കായുള്ള വിവിധ ആവശ്യങ്ങളിന്മേൽ നടപടി ആവശ്യപ്പെട്ട് ശ്രീ. കൊറ്റ്യാൽ കൃഷ്ണൻ, കണ്ണൂർ സമർപ്പിച്ച നിവേദനം (ഫയൽ നമ്പർ 22582/സി.ഡബ്ല്യു.എസ്.സി2/14/നി.സെ.)	1306/സി2/15/ സാ.നീ.വ. തീയതി 2-3-2015
16	മുതിർന്നവരുടെ ക്ഷേമത്തിനായുള്ള വിവിധ ആവശ്യങ്ങൾ അടങ്ങിയ നിവേദനം, ശ്രീ. ഒ. വി. ഗോപാലൻ, കണ്ണൂർ സമർപ്പിച്ചത് (ഫയൽ നമ്പർ 22584/സി.ഡബ്ല്യു. എസ്.സി2/14/നി.സെ.)	1208/സി2/15/ സാ.നീ.വ. തീയതി 28-2-2015
17	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിന്റെ 5% മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി ചെലവഴിക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. കുഞ്ഞിക്കണ്ണൻ, കണ്ണൂർ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 22773/സി.ഡബ്ല്യു.എസ്.സി2/14/നി.സെ.)	6480/സി1/2015/ സാ.നീ.വ. തീയതി 15-4-2016
18	മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. കുഞ്ഞിക്കണ്ണൻ, കണ്ണൂർ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 22775/സി.ഡബ്ല്യു.എസ്.സി2/14/നി.സെ.)	1204/സി2/15/ സാ.നീ.വ. തീയതി 4-3-2015
19	വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ടി. കെ. യൂസഫ്, കണ്ണൂർ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 22805/സി.ഡബ്ല്യു.എസ്.സി2/14/നി.സെ.)	1214/സി2/15/ സാ.നീ.വ. തീയതി 19-6-2015

1	2	3
20	സമിതി (2014-2016)യുടെ 6-ാമത് റിപ്പോർട്ടിലെ ശിപാർശയിന്മേൽ തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് (ഫയൽ നമ്പർ 18596/സി.ഡബ്ല്യു.എസ്.സി2/15/നി.സെ.)	16461/സി2/14/ സാ.നീ.വ. തീയതി 25-7-2015 ഖണ്ഡിക 3, 6, 7, 11 മുതൽ 15 വരെ, 19
21	മൃത്തമകൾക്ക് ധനനിശ്ചയാധാരം ചെയ്ത് നൽകിയ വസ്തു തിരികെ ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. രാമൻ നായർ, എറണാകുളം സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 21378/സി.ഡബ്ല്യു.എസ്.സി2/15/നി.സെ.)	11749/സി2/2015/ സാ.നീ.വ. തീയതി 1-2-2016
22	അയ്യന്തോൾ മേഖലയിൽ പകൽവീടും വൃദ്ധസദനവും നിർമ്മിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി കുഞ്ഞായി ലോനപ്പൻ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23374/സി.ഡബ്ല്യു.എസ്.സി2/15/നി.സെ.)	523850/സി2/2016/ സാ.നീ.വ.തീയതി 3-5-2016
23	സമിതി (2014-2016)യുടെ 7-ാമത് റിപ്പോർട്ട് തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് (ഫയൽ നമ്പർ 15283/സി.ഡബ്ല്യു.എസ്.സി2/16/നി.സെ.)	ഖണ്ഡിക 8, 9, 12, 13 456807/സി2/ 2016/സാനീവ. തീയതി 5-5-2016
24	മകളുടെ ശാരീരിക മാനസിക പീഡനങ്ങളിൽ നിന്നും സംരക്ഷണമാവശ്യപ്പെട്ട് ശ്രീമതി ഡി. സരോജിനി അമ്മ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 15416/സി.ഡബ്ല്യു.എസ്.സി2/16/നി.സെ.)	577003/സി2/2016/ സാ.നീ.വ. തീയതി 4-5-2016
25	ധനനിശ്ചയാധാരം റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. വി. പുരുഷോത്തമൻ, കൊല്ലം സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 18631/സി.ഡബ്ല്യു.എസ്.സി2/16/നി.സെ.)	723645/സി2/ 2016/സാനീവ. തീയതി 26-10-2016
26	മകന്റെ ഉപദ്രവങ്ങളിൽ നിന്നും സംരക്ഷണം ആവശ്യപ്പെട്ട് ശ്രീ. കെ. വി. സി. പണിക്കർ , ആലപ്പുഴ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 23006/സി.ഡബ്ല്യു.എസ്.സി2/16/നി.സെ.)	ഹർജി കൈപ്പറ്റിയ വിവരം അറിയിച്ചിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പ്

1	2	3
1	കേരളത്തിൽ മുതിർന്ന പൗരന്മാർക്ക് അനിവാര്യമായ ഒരു സാമൂഹ്യക്ഷേമ പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. പി. വി. എസ്. പിള്ള സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 14489/സി.ഡബ്ല്യു.എസ്.സി/11/നി. സെ.)	265/ഡി സി.3/2016/തസ്വഭവ. തീയതി 30-4-2016
2	ചാലക്കുടി നഗരസഭയിലെ വൃദ്ധജനക്ഷേമ ഫണ്ട് ദുർവിനിയോഗത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ബാബു ജോസഫ് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 15602/സി.ഡബ്ല്യു.എസ്.സി/12/നി. സെ.)	52858/ഡിസി/2012/ തസ്വഭവ. തീയതി 28-10-2014
3	മുതിർന്ന പൗരന്മാർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് തൃശ്ശൂർ കേരള സീനിയർ സിറ്റിസൺസ് ഫോറം ഭാരവാഹികൾ സമർപ്പിച്ച ഹർജി (ഫയൽനമ്പർ 15799/സി.ഡബ്ല്യു.എസ്.സി/12/നി.സെ.)	865/ഡിസി3/2016/ തസ്വഭവ. തീയതി 1-11-2016
4	മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനുള്ള വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. ജോൺസൺ എ. കരേടൻ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 15804/സി.ഡബ്ല്യു.എസ്.സി/12/നി. സെ.)	12681/ഡിസി/2014/ തസ്വഭവ. തീയതി 10-7-2014
5	മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി(2011-2014)യുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് (ഫയൽ നമ്പർ 15202/സി.ഡബ്ല്യു.എസ്.സി/13/നി. സെ.)	ഡെപ്യൂട്ടി സെക്രട്ടറിയുടെ തസ്വഭവ/പി.എസ്/297/ 2015/തസ്വഭവ. നമ്പർ അർദ്ധ-ഔദ്യോഗിക കത്ത് തീയതി 11-9-2015 ഖണ്ഡിക 21, 27, 29, 30, 37, 83, ഖണ്ഡിക 25, 26 (അധികവിവരം)
6	തൃക്കാക്കര സീനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫെയർ അസോസിയേഷൻ ഭാരവാഹികൾ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 21260/സി.ഡബ്ല്യു.എസ്.സി/13/നി. സെ.)	തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

1	2	3
7	മുതിർന്ന പൗരന്മാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പറവൂർ സീനിയർ സിറ്റിസൺസ് ക്ലബ് സെക്രട്ടറി ശ്രീ. കെ. കെ. തമ്പി സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 21262/സി.ഡബ്ല്യു.എസ്.സി/13/നി. സെ.)	തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്
8	വീട് നിർമ്മാണത്തിനും കുടിവെള്ള ലഭ്യതയ്ക്കും വേണ്ട നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എ. ഗംഗാധരൻ, കാസറഗോഡ് സമർപ്പിച്ച ഇടർഹർജി (ഫയൽ നമ്പർ 12608/സി.ഡബ്ല്യു.എസ്.സി/14/നി. സെ.)	LSGD-DD1/108/2014-LSGD തീയതി 27-7-2016
9	മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച് ഭാരത് ജനറൽ കൺസ്യൂമേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. കെ. സി. കാർത്തികേയൻ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 12619/സി.ഡബ്ല്യു.എസ്.സി/14/നി. സെ.)	866/ഡി. സി.3/2016/തസ്വഭവ. തീയതി 1-11-2016
10	മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള സീനിയർ സിറ്റിസൺസ് ഫോറം സെക്രട്ടറി ശ്രീ. കെ. സുകുമാരൻമാസ്റ്റർ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 12621/സി.ഡബ്ല്യു.എസ്.സി/14/നി. സെ.)	17201/ഡിസി/2014/ തസ്വഭവ. തീയതി 10-3-2014
11	മുതിർന്ന പൗരന്മാർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള വിവിധ അപേക്ഷാഫോമുകൾ അവർ താമസിക്കുന്നിടത്ത് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ശശിധരൻ, കെ. ജി. സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 13133/സി.ഡബ്ല്യു.എസ്.സി/14/നി.സെ.)	തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പ്
12	എതിർ കക്ഷികൾ മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നതിനും ഭീഷണിപ്പെടുത്തുന്നതിനുമെതിരെ ശ്രീ. കെ. ബാലകൃഷ്ണ പണിക്കർ, തൃശ്ശൂർ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 15320/സി.ഡബ്ല്യു.എസ്.സി/14/ നി. സെ.)	ആർ. ബി.2/79/2017/തസ്വഭവ. തീയതി 21-3-2017
13	മുതിർന്ന പൗരന്മാർക്കുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള സീനിയർ സിറ്റിസൺസ് ഫോറം പ്രസിഡന്റ് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 22579/സി.ഡബ്ല്യു.എസ്.സി/14/നി. സെ.)	487/ഡി. സി.3/2016/തസ്വഭവ. തീയതി 20-7-2016
